പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 59 — 07.01.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം

ചോദ്യം

ശ്രീമതി. ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു:

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി ബോർഡ് കമ്പനിവത്ക്കരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(എ) ഇലക്ട്രിസിറ്റി ആക്ട് 2003-ൽ നിലവിലുള്ള ഇലക്ട്രിസിറ്റി ബോർഡുകളെ പുന:സംഘടിപ്പിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഇലക്ട്രിസിറ്റി ആക്ട് 2003 അനുശാസിക്കുന്ന പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ചുമാണ് സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചത്.

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലെ വ്യവസ്ഥകൾ എന്തെല്ലാം; വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 2008-ലെ ഒന്നാം കൈമാറ്റ പദ്ധതിയിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന മുൻ കെ. എസ്. ഇ. ബോർഡിന്റെ ആസ്തി ബാധ്യതകൾ 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനായാണ് 31-10-2013-ലെ ജി. ഒ (പി) 46/13/ഊ-വ നമ്പർ ഉത്തരവു പ്രകാരം കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി (പുനർ നിക്ഷിപ്തമാക്കൽ), 2013 സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

പുതിയ കമ്പനിയിലേക്ക് മുൻ വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾക്കു പുറമേ ജീവനക്കാരെയും കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ, കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം സാധ്യമാക്കുന്നതിനും തദ്വാരാ വൈദ്യുതി മേഖലയുടെ സേവനം കൂടുതൽ മെച്ചപ്പെട്ട തരത്തിൽ ജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ബോർഡിനെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിക്കുള്ളിൽ മൂന്നു സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളായി പുന:സംഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ, 2003-ലെ വൈദ്യുതി നിയമത്തിന്റെ 133, 134 വകുപ്പുകൾ പ്രകാരം നിലവിലുള്ള ജീവനക്കാരെ പുതിയ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ നിലവിലുള്ള സേവന-

വേതന വ്യവസ്ഥകളിൽ ഒട്ടും കുറവു വരാതെ സംരക്ഷിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ, പെൻഷൻ വിതരണത്തിനായി ഭദ്രതയുള്ള ഒരു സംവിധാനം ഉറപ്പുവരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങിയവയാണ് രണ്ടാം ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ജീവനക്കാർക്ക് പെൻഷൻ ഉറപ്പു വരുത്തുന്ന കാര്യത്തിൽ സർക്കാർ ഗ്യാരന്റി നൽകുമോ ;

(സി) ഇലക്ട്രിസിറ്റി ആക്ട്, 2003 ജീവനക്കാർക്ക് നൽകുന്ന എല്ലാ പരിരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടു തന്നെയാണ് 31-10-2013-ലെ റീ-വെസ്റ്റിംഗ് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്.

(ഡി) കമ്പനിയായി പ്രവർത്തനമാരംഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ ?

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയെ ഒരു പബ്ളിക് ലിമിറ്റഡ് കമ്പനിയായിട്ടാണ് 14-01-2011-ന് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രധാനമായും ആവശ്യമായ "സർട്ടിഫിക്കറ്റ് ഓഫ് കമൻസ്മെന്റ് ഓഫ് ബിസിനസ് " എന്ന സാക്ഷ്യപത്രം രജിസ്റ്റാർ ഓഫ് കമ്പനീസിൽ നിന്നും 2013 ജൂൺ ആറിന് ലഭിച്ചിട്ടുണ്ട്. കെ. എസ്. ഇ. ബോർഡിന്റെ ആസ്തി ബാധ്യതകളെയും ജീവനക്കാരെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിക്കൊണ്ടുള്ള 31-10-2013-ലെ സർക്കാർ വിജ്ഞാപന പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട ആസ്തി-ബാധ്യതകളും മറ്റും ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനം വിജ്ഞാപന തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**